സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്
തിരുവനന്തപുരം

**മേലെഴുത്ത് നമ്പർ:DTETVM/8509/2025-L1 (PLA) തീയതി :16-03-2026**

സൂചന : 1. 27.02.2026 ലെ സ.ഉ.(സാധാ) നമ്പർ : 274/2026/HEDN
2.05.03.2026 ലെ എൽ3/262/2025/ഉ.വി.വ നമ്പർ കത്ത്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ AICTE യോഗ്യതയുള്ള അതിഥി അദ്ധ്യാപകരുടെ വേതനം പുതുക്കി നിർണ്ണയിച്ച് ഉത്തരവിൻറെ പ്രാബല്യ തീയതി ഏകീകരിച്ച് കൊണ്ടുള്ള സൂചന(1) ഉത്തരവ്,പോളിടെക്നിക് കോളേജുകളിലെ യുജിസി യോഗ്യതയുള്ള അതിഥി അദ്ധ്യാപകരുടെ വേതനത്തിൽ വ്യക്തത വരുത്തിക്കൊണ്ടുള്ള സൂചന(2) സർക്കാർ കത്ത് എന്നിവ എല്ലാ സ്ഥാപന മേധാവികളുടെയും അറിവിലേയ്ക്കും തുടർനടപടികൾക്കുമായി അയയ്ക്കുന്നു .പ്രസ്തുത ഉത്തരവുകൾ അനുസരിച്ചു തുടർ നടപടികൾ സ്വീകരിയ്ക്കാവുന്നതാണ്.

Digitally signed by
ANI ABRAHAM
Date: 16-03-2026
21:40:33

ANI ABRAHAM
SENIOR JOINT DIRECTOR (PS)

പകർപ്പ്

1.എല്ലാ സ്ഥാപന മേധാവികൾക്കും(വെബ്സൈറ്റ് മുഖേന)

2.സൂപ്രണ്ട്,അക്കൌണ്ട് സെക്ഷൻ

3. സൂപ്രണ്ട്,EA, EC സെക്ഷൻ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നത വിദ്യാഭ്യാസ വകുപ്പ് -സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ എ.ഐ.സി.റ്റി.ഇ യോഗ്യത ഉള്ള അതിഥി അധ്യാപകരുടെ വേതനം പുതുക്കി നിർണ്ണയിച്ച ഉത്തരവിന്റെ പ്രാബല്യത്തീയതി ഏകീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ(ജി)വകുപ്പ്**

സ.ഉ.(സാധാ) നം.274/2026/HEDN തീയതി,തിരുവനന്തപുരം, 27-02-2026

---

പരാമർശം:-
1. സ.ഉ(സാധ)നം.723/2025/ഉവിവ തീയതി 05.06.2025.
2. സ.ഉ(സാധ)നം.1113/2025/ഉവിവ തീയതി 20.08.2025.
3. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 12.11.2025 ലെ DTETVM/9154/2025-DP3(DPA) നം. കത്ത്

**ഉത്തരവ്**

കോളേജ് വിദ്യാഭ്യാസ വകുപ്പ്/സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവയ്ക്ക് കീഴിലെ യു.ജി.സി യോഗ്യതയുള്ള അതിഥി അധ്യാപകർക്ക് പ്രതിദിനം 2200/- രൂപ നിരക്കിൽ ഒരുമാസം പരമാവധി 50,000/- രൂപയായും യു.ജി.സി യോഗ്യത ഇല്ലാത്ത അതിഥി അധ്യാപകർക്ക് പ്രതിദിനം 1800/- രൂപ നിരക്കിൽ ഒരുമാസം പരമാവധി 45,000/- രൂപയായും വേതനം പുനർ നിർണ്ണയിച്ച് പരാമർശം(1)പ്രകാരം ഉത്തരവായിരുന്നു.സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ AICTE യോഗ്യത ഉള്ള അതിഥി അധ്യാപകരുടെ വേതനം പ്രതിദിനം 2200/- രൂപ നിരക്കിൽ ഒരു മാസം പരമാവധി 50,000/- രൂപയായും പരാമർശം(2)പ്രകാരം പരിഷ്കരിച്ചിരുന്നു.രണ്ട് ഉത്തരവുകളുടേയും പ്രാബല്യത്തീയതി 05.06.2025 ആക്കി ഏകീകരിക്കണം എന്നാവശ്യപ്പെട്ട് നിരവധി അപേക്ഷകൾ ലഭ്യമാകുകയുണ്ടായി

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.കോളേജ് വിദ്യാഭ്യാസ വകുപ്പ്/സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ കീഴിലെ ഗസ്റ്റ് അധ്യാപകരുടെ വേതനം പുതുക്കിയ പരാമർശം(1) സർക്കാർ ഉത്തരവിന്റെയും, AICTE യോഗ്യതയുള്ള അതിഥി അധ്യാപകരുടെ വേതനം പ്രതിദിനം 2200/-രൂപ നിരക്കിൽ ഒരു മാസം പരമാവധി 50,000/-രൂപയായി പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള പരാമർശം(2) സർക്കാർ ഉത്തരവിന്റെയും, പ്രാബല്യത്തീയതി ഏകീകരിച്ചും AICTE യോഗ്യതയുള്ള ഗസ്റ്റ് ലക്ചറർമാർക്ക് 75 ദിവസത്തെ കുടിശ്ശിക തുക അനുവദിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SANTHOSHKUMAR P B**
അണ്ടർ സെക്രട്ടറി

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ (വിദ്യാഭ്യാസം (സി)) വകുപ്പ്
ഉന്നത വിദ്യാഭ്യാസ (എൽ) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
**(www.highereducation.kerala.gov.in)**
കരുതൽ ഫയൽ / ഓഫീസ് കോപ്പി (**HEDN-G1/287/2025-HEDN**)

ഉത്തരവിൻ പ്രകാരം

**Signed by Deepa N S**
**Date: 27-02-2026 10:26:29**
സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്
ഫോൺ: 0471-2518693
*highereducationl2017*@gmail.com

നമ്പർ.എൽ3/262/2025/ഉവിവ. 05-03-2026,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ
സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.

സർ,

വിഷയം:- ഉന്നതവിദ്യാഭ്യാസ വകുപ്പ് - പോളിടെക്നിക്ക് കോളേജുകളിലെ ജനറൽ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന UGC യോഗ്യതയുള്ള അതിഥി അദ്ധ്യാപകരുടെ വേതനം സംബന്ധിച്ച്.

സൂചന:-
1. സ.ഉ.(സാധാ)നം.723/2025/ഉ.വി.വ തീയതി 05.06.2025
2. സ.ഉ.(സാധാ)നം.1113/2025/ഉ.വി.വ തീയതി 20.08.2025
3. സ.ഉ.(സാധാ)നം.1449/2025/ഉ.വി.വ തീയതി 06.11.2025
4. താങ്കളുടെ 17.02.2026-ലെ DTETVM/8509/2025-L1 (PLA) നമ്പർ കത്ത്
5. സ.ഉ.(സാധാ)നം.274/2026/ഉ.വി.വ തീയതി 27.02.2026

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ചുവടെ പറയുന്ന വിവരങ്ങൾ അറിയിക്കുന്നു.

സൂചന (3) ഉത്തരവ് പ്രകാരം UGC യോഗ്യതയുള്ള അതിഥി അദ്ധ്യാപകർക്ക് ബാധകമാക്കിയിട്ടുള്ള വേതന നിരക്കുകൾ AICTE യോഗ്യത ഉള്ളവർക്ക് കൂടി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം നിലവിൽ ഉന്നത വിദ്യാഭ്യാസ (ജി) വകുപ്പിൽ കൈകാര്യം ചെയ്ത് വരുന്നതിനാൽ സർക്കാർ ഇക്കാര്യം പരിശോധിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

അതേ സമയം, സൂചന (3) ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിലെയും, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെയും UGC യോഗ്യതയുള്ള അദ്ധ്യാപകരുടെ വേതനം പരിഷ്കരിച്ച് പൊതുവായി പുറപ്പെടുവിക്കപ്പെട്ട ഉത്തരവാണെന്നതിനാൽ പോളിടെക്നിക്ക് കോളേജുകളിലെ ജനറൽ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അതിഥി അദ്ധ്യാപകർ എഞ്ചിനിയറിങ് കോളേജുകളിലെ ജനറൽ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകരുടെ അതേ UGC യോഗ്യത ഉള്ളവരാണെങ്കിൽ ടി ഉത്തരവ് പ്രസ്തുത അദ്ധ്യാപകർക്കും ബാധകമാക്കാവുന്നതും ടി



File No. DTETVM/8509/2025-L1 (PLA) (Computer No. 239832)
Generated from eOffice by Seema S, L1(PLA) DTE, L1 (PLA) DTE, DIRECTORATE OF TECHNICAL EDUCATION on 13/03/2026 12:58 PM

ഉത്തരവ് പ്രകാരമുള്ള വേതനം മുൻകാല പ്രാബല്യത്തോടെ അനുവദിക്കാവുന്നതുമാണ്.

കൂടാതെ, സൂചന (5) ഉത്തരവ് പ്രകാരം സൂചന (1) ഉത്തരവിന്റേയും സൂചന (2) ഉത്തരവിന്റേയും പ്രാബല്യത്തീയതികൾ ഏകീകരിച്ചിട്ടുള്ളതുമാണ്.

വിശ്വസ്തതയോടെ,
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Signed by Geetha Lekshmi. G

സെക്ഷൻ ഓഫീസർ.

Date: 05-03-2026 10:58:11